Gayathri . K . S
Service Provider, Snehitha
Pathanamthitta
4/12/2017
[signature]

കുടുംബശ്രീ സംസ്ഥാന മിഷൻ എല്ലാ ജില്ലകളിലെയും, സ്നേഹിത സ്റ്റാഫുകൾക്കായി നൽകിയ ത്രിദിന-റസിഡൻഷ്യൽ പരിശീലനം വളരെയധികം വിജ്ഞാനപ്രദവും, പ്രയോജനപ്രദവും ആയിരുന്നു. ഓരോ ദിവസവും രണ്ട് വീതം സെഷനുകളായി വിവിധ വിഷയങ്ങളിൽ ക്ലാസുകൾ ലഭിക്കുകയുണ്ടായി. അവയൊക്കെയും ഒരു സ്നേഹിത സ്റ്റാഫ് എന്ന നിലയിൽ ഭാവിയിൽ ഉപകാരപ്പെടുന്നവയായിരുന്നു. ക്ലാസ്സുകൾ നയിച്ചവരൊക്കെയും വിവിധ മേഖലകളിൽ സാമൂഹ്യപ്രവർത്തനം ചെയ്യുന്നവരും, വളരെ തുറന്ന കാഴ്ചപ്പാടുള്ളവരുമായിരുന്നു.
സംസ്ഥാന മിഷന്റെ പ്രതിനിധികളും, ക്ലാസ്സുകൾ നയിക്കുവാനായി എത്തിച്ചേർന്നവരും, മറ്റ് ജില്ലകളിൽ നിന്ന് എത്തിച്ചേർന്ന സ്നേഹിത സ്റ്റാഫുകളും, അങ്ങനെ എല്ലാവരും വളരെ സൗഹൃദപരവും, പോസിറ്റീവും ആയ ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ പ്രത്യേകമായി ശ്രദ്ധിച്ചിരുന്നു.
നമുക്ക് കൊടുക്കാവുന്ന നിയമസഹായങ്ങൾ ഏതൊക്കെ വിധത്തിലാണെന്നും അവ എങ്ങനെയൊക്കെ നൽകാമെന്നതും മനസ്സിലാക്കാൻ സാധിച്ചു.
എല്ലാത്തിനും ഉപരിയായി ഒരു നല്ല സ്ത്രീ-പക്ഷ കാഴ്ചപ്പാട് വളർത്തുവാൻ കഴിഞ്ഞു.

എല്ലാ സെഷനുകളും വളരെയധികം
ആവശ്യകതയുള്ള വിഷയങ്ങളിൽ ആയിരുന്നു.
രണ്ടാം ദിനം ജെൻഡർ-ന്റെ സെഷൻ നടത്തിയതുപോലെ
എല്ലാ സെഷനുകൾക്കും, പ്രത്യേകിച്ച്, നിയമം,
കൺവെൻഷൻസ്, ടി.എ; മുതലായവ ഒരു ദിവസം
മുഴുവൻ ചിലവഴിച്ച് നടത്തേണ്ടതായിരുന്നു എന്ന്
ചിലർക്കെങ്കിലും തോന്നുകയുണ്ടായി.
മാതൃകാപരമായ സ്ത്രീപക്ഷ കാഴ്ചപ്പാടുകളുള്ള
ആളുകളായിരുന്നു ക്ലാസ് എടുത്ത ഓരോരുത്തരും.
ഇത്ര നല്ല ഒരു തെരഞ്ഞെടുപ്പ് നടത്തിയ
സ്റ്റേറ്റ് മിഷൻ പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു.

എല്ലാ വിധത്തിലും ഈ മൂന്ന് ദിവസവും
വളരെ ഉപകാരപ്രദമായി തന്നെ ചെലവിച്ചു.
ഞങ്ങളിൽ എല്ലാവർക്കും വളരെയധികം
സംതൃപ്തിയുണ്ട്. തുടർന്നും ഇതുപോലുള്ള
പരിശീലനങ്ങൾ ആഗ്രഹിക്കുന്നു, പ്രതീക്ഷിക്കുന്നു.
നന്ദി.